തേക്കു നട്ടുന്നതിനുള്ള നടപടികൾ.

157. [17] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കു് പാലിപ്പള്ളിറേഞ്ചിൽ തേക്കു് മുറിച്ചൊഴിഞ്ഞ സ്ഥലത്തു് വീണ്ടും തേക്കു വയ്ക്കുവാൻ വനംഡിപ്പാർട്ടുമെന്റിൽ നിന്നും നടപടികൾ നടന്നിട്ടുണ്ടോ ?

(ബി) ഈ സ്ഥലത്തു് തേക്കുവയ്ക്കുവാൻ പാടില്ലെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

(സി) ടി സ്ഥലം കോളനൈസേഷൻ പദ്ധതിപ്രകാരം കൊടുക്കുമോ ;

(ഡി) ഈ കാര്യത്തെ സംബന്ധിച്ചു് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു് ;

(ഇ) നിവേദനങ്ങൾ മേശപ്പുറത്തു് വയ്ക്കുമോ ?

ഉത്തരം.

(എ) ഉണ്ടു്.
(ബി) നിവേദനങ്ങൾ ലഭിച്ചിട്ടില്ല.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

Misbehaviour of Policemen.

158. [18] **Shri R. Ponnappa Nadar :** Will the Home Minister be pleased to state :

(a) whether any petition has been received by Government in March 1955, from one N. Gnanamony Nadar, Pulavarvilai, Nagercoil regarding the misbehaviour of Sri Kumaran Nair, a constable in the Armed Reserve Force of the State ;

(b) has any enquiry been made; and

(c) has any action been taken against him?

Answer.

(a) Government have not received any petition. It is seen that a petition has been received by the Inspector General of Police.

(b) & (c) It is now under enquiry.

പോലീസ് മർദ്ദനം.

159. [19] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജനുവരിമാസത്തിൽ മാള പോലീസ്സ്റ്റേഷനിൽ വച്ചു് നെയ്യക്കുടിയിലെ പുഷ്പൻ എന്ന ആളെ പോലീസ് മർദ്ദിച്ചതിനെ സംബന്ധിച്ചു ഗവണ്മെന്റിലേക്കു് എന്നാണു് നിവേദനം കിട്ടിയതു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രാഫിക്ക് ഹെഡ് കാൺസ്റ്റബിൾ സുകുമാരൻനായരുടെ മേൽ ഇക്കാര്യത്തിൽ ആരോപണമില്ലേ;

(സി) ഇത്തരം ആരോപണങ്ങൾ ഇതിനുമുൻപു എത്ര പ്രാവശ്യം ഈ ഹെഡ് കാൺസ്റ്റബിളുടെമേൽ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്;

(ഡി) പ്രസ്തുത മർദ്ദനത്തെ സംബന്ധിച്ചു അന്വേഷണം നടത്തുകയുണ്ടായോ; ആരാണ് അന്വേഷിച്ചതെന്നും എന്താണ് അന്വേഷണഫലമെന്നും പറയുമോ;

(ഇ) ഈ മർദ്ദനക്കാര്യം അന്വേഷിച്ചതിനുശേഷം എന്തു ശിക്ഷണനടപടികൾ കൈക്കൊണ്ടു?

ഉത്തരം.

(എ) 1955 ജനുവരി 29-ാംനു.

(ബി) ഉണ്ട്.

(സി) ഒരിക്കൽ മാത്രം.

(ഡി) ചാലക്കുടി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഇ) മൻഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 25-3-1955

ട്രാൻസ്പോർട്ട് സർവ്വീസ്.

160. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിള-ആനപ്പാറ റോഡിലേയ്ക്ക് ട്രാൻസ്പോർട്ട് സർവ്വീസു ദീർഘിപ്പിക്കണമെന്നു കാണിച്ച് ഗവണ്മെൻറിനു എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉവ്വെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) പ്രസ്തുത ലൈൻ ദേശവൽക്കരിക്കാൻ ഉടനടി വേണ്ടതു ചെയ്യുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നടപടി ഒന്നും എടുത്തിട്ടില്ല.

(സി) ആലോചിക്കാം.

പുതിയ സ്കൂളുകൾ.

161. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശ്ശേഖരമംഗലം വില്ലേജിൽ എത്ര സ്കൂളുകൾ താമസമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly